1,37,580 ഡോസ് കോവാക്സിനും സംസ്ഥാനം വാങ്ങിയതാണ്. 1,46,06,290 ഡോസ് കോവിഷീൽഡ് വാക്സിനും 16,67,640 ഡോസ് കോവാക്സിനും കേന്ദ്രം നൽകിയതാണ്.

(ഡി) കോവിഡ് പ്രതിരോധത്തിലും വാക്സിൻ വിതരണത്തിലും കേന്ദ്രത്തിനുണ്ടായ വീഴ്ച മറച്ചുവയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെക്കുറിച്ച് അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നടത്തുന്നത് അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 130 കോടി ജനങ്ങളിൽ 34,91,46,917 പേർക്ക് ഒന്നാം ഡോസും 9,66,13,557 പേർക്ക് രണ്ടാം ഡോസും ജൂലൈ 28-ാം തീയതി വരെ നൽകി. അതായത് ജനസംഖ്യാടിസ്ഥാനത്തിൽ ദേശീയതലത്തിൽ 26.85 ശതമാനം പേർക്ക് ഒന്നാം ഡോസും 7.4 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ 3.51 കോടിയായി കണക്കാക്കിയാൽ ജൂലൈ 28 വരെ 1,32,89,968 പേർക്ക് ഒന്നാം ഡോസും 57,16,883 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് കേരളത്തിൽ 37.86 ശതമാനം പേർക്ക് ഒന്നാം ഡോസും 16.28 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകി. ഇത് ദേശീയ ശരാശരിയെക്കാളും വളരെ കൂടുതലാണ്.

തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

8(*278) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഏതുവരെയായെന്ന് അറിയിക്കാമോ?

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങിക്കഴിഞ്ഞു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ (Diagnostic facility) പ്രവർത്തനം ഐ.സി.എം.ആർ. മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊറോണ വൈറസ്സിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് ആത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിൽ എത്ര പേരെ നിയമിച്ചുവെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വ്യക്തമാക്കുമോ?

ഡയറക്ടർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. സയന്റിസ്റ്റ് E2, സയന്റിസ്റ്റ് C തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായി. ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കോവിഡ് വ്യാപനം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ക്യാൻസർ ആശുപത്രി

9(*279) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾ ഏറെയുള്ള മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ലഭ്യമായ കണക്കുകൾ അനുസരിച്ച് അർബുദരോഗം എല്ലാ ജില്ലകളിലും ഒരേ തോതിലാണ് കാണപ്പെടുന്നത്. ഏതെങ്കിലും ഒരു ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള ക്യാൻസർ ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് നാളിതുവരെയുള്ള ഇത് സംബന്ധമായ കണക്കുകളിൽ നിന്നും സ്ഥിരീകരണം ലഭിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായി മാത്രം രോഗികളുടെ എണ്ണത്തിൽ വർദ്ധനവുള്ള മലപ്പുറം ജില്ലയിൽ റീജിയണൽ ക്യാൻസർ സെന്റർ ഇല്ലെങ്കിലും അഞ്ച് ആശുപത്രികളിലൂടെ ക്യാൻസർ ചികിത്സ നൽകിവരുന്നു. ജില്ലയിലെ